Draft #1 of File 18529/ASSISTANT DASP/2020/DASTP Approved by DEPUTY REGISTRAR on 03-Dec-2020 11:56 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് - ടേം പ്രോഗ്രാംസ് (ഡി.എ.എസ്.പി) നടത്തുന്ന Post Graduate Diploma in Food Analysis and Quality Control, Diploma in Computerised Financial Accounting and Taxation എന്നീ പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ ക്ലാസുകൾ ഓൺലൈനായി നടത്താനും ഓൺലൈൻ ക്ലാസുകൾ എടുക്കുന്ന അദ്ധ്യാപകർക്ക് , സർവകലാശാല നിയമപ്രകാരം ഗസ്റ്റ് അദ്ധ്യാപകർക്ക് നല്കി വരുന്ന പ്രതിഫലം നല്കാനും അനുവദിച്ച് - വൈസ് ചാൻസിലർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

Directorate for Applied Short Term Programmes

നമ്പർ. 5755/DASTP/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.12.2020

---

*പരാമർശം:*-1. Post Graduate Diploma in Food Analysis and Quality Control പ്രോഗ്രാമിന്റെ കോ-ഓർഡിനേറ്ററായ പ്രൊഫ. ഡോ. ജിഷ എം.എസ് സമർപ്പിച്ച കത്ത് , തീയതി. 12.10.2020

2. Diploma in Computerised Financial Accounting and Taxation പ്രോഗ്രാമിന്റെ കോ-ഓർഡിനേറ്ററായ പ്രൊഫ. ഡോ. സജിമോൻ എബ്രഹാം ഇ-മെയിൽ വഴി സമർപ്പിച്ച കത്ത് , തീയതി. 10.11.2020

**<u>ഉത്തരവ്</u>**

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് - ടേം പ്രോഗ്രാംസ് (ഡി.എ.എസ്.പി) നടത്തുന്ന Post Graduate Diploma in Food Analysis and Quality Control, Diploma in Computerised Financial Accounting and Taxation എന്നീ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ, 2020 സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലായി പൂർത്തിയാക്കിയിരുന്നു. തുടർന്ന് കോവിഡ് -19 നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ ക്ലാസുകൾ സർവകലാശാലയിൽ വെച്ച് നടത്താൻ സാധിക്കാതെ വന്നു.

ആയതിനാൽ ടി പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്ററിലെ പ്രാക്ടിക്കൽ ഒഴികെയുള്ള തിയറി ക്ലാസുകൾ ഓൺലൈനായി നടത്താൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പ്രസ്തുത പ്രോഗ്രാമുകളുടെ പ്രോഗ്രാം കോ-ഓർഡിനേറ്ററുമാർ പരാമർശം (2), പരാമർശം (3) പ്രകാരം കത്തും തിയറി ക്ലാസുകളുടെ ഷെഡ്യൂളും സമർപ്പിക്കുകയുണ്ടായി.

മേൽ വിഷയം പരിഗണിച്ച്, Post Graduate Diploma in Food Analysis and Quality Control, Diploma in Computerised Financial Accounting and Taxation എന്നീ പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ തിയറി ക്ലാസുകൾ തന്നിരിക്കുന്ന ഷെഡ്യൂൾ പ്രകാരം ഓൺലൈനായി നടത്താനും ഓൺലൈൻ ക്ലാസുകൾ എടുക്കുന്ന അദ്ധ്യാപകർക്ക് , സർവകലാശാല നിയമപ്രകാരം ഗസ്റ്റ് അദ്ധ്യാപകർക്ക് നല്കി വരുന്ന നിരക്കിൽ തന്നെ പ്രതിഫലം നല്കാനും അനുവദിച്ച് 17.11.2020 - ൽ വൈസ് ചാൻസിലർ ഉത്തരവായിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അശോകൻ എൻ കെ

ഡെപ്യൂട്ടി രജിസ്ട്രാർ

പകർപ്പ്

1. ബന്ധപ്പെട്ട പ്രോഗ്രാം കോ-ഓർഡിനേറ്ററുമാർ
2. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എമാർ
4. ഡയറക്ടർ (i/c), DASP
5. ഓഡിറ്റ് V, ഫിനാൻസ് I സെക്ഷനുകൾ
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. റെക്കോർഡ്സ് സെക്ഷൻ
8. കരുതൽ ഫയൽ / ഫയൽ പകർപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 18529/ASSISTANT DASP/2020/DASTP Approved by DEPUTY REGISTRAR on 03-Dec-2020 11:56 AM - Page 2